LIBRARY ARCHIVES Kerala Legislative Assembly

വരവൂർ പഞ്ചായത്തിൽ പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററിൽ ഐ.ടി.സി.

133 (4190) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി ബ്ലോക്കിൽപ്പെട്ട വരവൂർ പഞ്ചായത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററിൽ ഐ.ടി.സി. ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സാങ്കേതിക വിദ്യാഭ്യാസത്തിന് പ്രായോജനകരമായ ഈ സ്ഥാപനം ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രവർത്തനരഹിതമായ പരിശീലന കേന്ദ്രത്തിൽ ജോലി സാധ്യതയേറിയ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ (2 വർഷം), ഡ്രൈവർ കം മെക്കാനിക്ക് (എം.എം.വി.) (6 മാസം) എന്നീ എൻ.സി.വി.റ്റി. ട്രേഡുകളോടുകൂടിയ ഐ.റ്റി.സി. ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ

134 (4193) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി എത്ര പ്രീമെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട് എന്നും ആയത് എവിടെയൊക്കെ സ്ഥിതി ചെയ്യുന്നു എന്നും അറിയിക്കുമോ ;

(ബി) കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്ന് പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിനായി സ്കൂളിനോട് ചേർന്നുള്ള റവന്യൂ ഭൂമി വകുപ്പിന് കൈമാറി കിട്ടിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലുകൾ നിലവിലില്ല.

(ബി) കുണ്ടംകുഴി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് സമീപം വകുപ്പിന് ഇപ്പോൾ സ്വന്തമായി ഭൂമിയില്ലാത്തതിനാൽ പരിഗണനയിലില്ല.

(സി) റവന്യൂ ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല.

എഴുതിത്തള്ളിയ വായ്പകൾക്ക് ഈട് നൽകിയ ആധാരങ്ങൾ തിരികെ കൊടുക്കാൻ നടപടി

135 (4197) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന എടുത്ത ലോണുകൾ ഏത് വർഷം വരെയുള്ളതാണ് എഴുതിത്തള്ളാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ എഴുതിത്തള്ളിയ വായ്പകൾ ഈട് നൽകിയ ആധാരങ്ങൾ തിരികെ കൊടുക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) തിരികെ കൊടുക്കുന്ന ആധാരങ്ങളിൽ പലതും പലപ്പോഴായി സർക്കാർ ലേലത്തിൽ പിടിച്ചതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം ആധാരങ്ങൾ തിരികെ കൊടുക്കുമ്പോൾ തന്നെ ലേലത്തിൽ കണ്ടുകെട്ടിയിട്ടുള്ള സ്ഥലങ്ങൾ ഉടമസ്ഥന് കൈമാറുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2006 മാർച്ച് 31-ന് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായിട്ടുള്ളതുമായ 25,000 രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) വായ്പ എഴുതിത്തള്ളൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ആധാരങ്ങൾ തിരികെ നൽകുന്നതിനായി രേഖാമൂലം അറിയിപ്പു നൽകിയിട്ടുണ്ട്. 2010 മേയ് മാസം 24-ാം തീയതി കടാശ്വാസ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തൃശ്ശൂർ ടൗൺഹാളിൽ വച്ച് നടത്തുകയുണ്ടായി. 595 പേർക്ക് ആധാരങ്ങൾ തദവസരത്തിൽ തിരികെ നൽകുകയുണ്ടായി. 2010 ജൂൺ മാസം 21-ാം തീയതി കുഴൽമന്ദത്ത് വച്ച് പാലക്കാട് ജില്ലാതല കടാശ്വാസ

LIBRARY ARCHIVES Kerala Legislative Assembly